"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - പാലക്കാട് സ്വദേശി അബ്ദുള്ള ഫഹദ് എന്ന കുട്ടിയുടെ ചികിത്സയ്ക്ക് ചെലവായ തുക ബാലനിധിയിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.85/2024/WCDD തീയതി,തിരുവനന്തപുരം, 04-03-2024

പരാമർശം:-

1. സ.ഉ(സാധാ) നം. 730/2017/സാനീവ ഉത്തരവ്, തീയതി 01/11/2017
2. വനിത ശിശു വികസന ഡയറക്ടറുടെ 12/12/2023-ലെ DWCD/6615/2023-ICPS 4 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് മണ്ണാർക്കാട്, കോട്ടോപ്പാടം, അരിയൂർ, വലിയതൊടിയിൽ വീട്ടിൽ റസിയ - ബഷീർ ദമ്പതികളുടെ മകൻ ആയ അബ്ദുള്ള ഫഹദ് (4.5 year) എന്ന കുട്ടിയ്ക്ക് Relapsed and Refractory Acute Myeloid Leukemia എന്ന അസുഖം മൂലം വെല്ലൂർ സി എം സി യിൽ 04/03/2021 ന് മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്തിട്ടുള്ളതും തുടർ ചികിത്സ നടന്നുവരുന്നതായും, സർക്കാരിന്റെ തന്നെ കാരുണ്യ പദ്ധതിയിൽ നിന്നും കുട്ടിയുടെ ചികിത്സയ്ക്കായി 3,00,000/- രൂപ ലഭ്യമായ സാഹചര്യത്തിൽ ടി കുട്ടിയുടെ ചികിത്സയ്ക്ക് ചെലവായ തുകയായ 1,62,912/- രൂപ (ഒരു ലക്ഷത്തി അറുപത്തിരണ്ടായിരത്തി തൊള്ളായിരത്തി പന്ത്രണ്ട് രൂപ മാത്രം) ജെ.ജെ ആക്റ്റിന്റെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ നിന്നും വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്നും വനിത ശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജുവനൈൽ ജസ്റ്റിസ് ആക്റ്റിന്റേയും റൂളിന്റേയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, പുനരധിവാസം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സമൂഹത്തിൽ ഏറ്റവും കൂടുതൽ വിഷമതകളനുഭവിക്കുന്ന 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും പുനരധിവാസത്തിനും വേണ്ടി ധനസഹായം നൽകുന്നതിനായി രൂപീകരിച്ച ബാലനിധി പദ്ധതിയെ സംബന്ധിച്ചുള്ള പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദേശങ്ങൾ പ്രകാരം പാലക്കാട് സ്വദേശി അബ്ദുള്ള ഫഹദ് എന്ന കുട്ടിയുടെ ചികിത്സയ്ക്ക് ചെലവായ തുകയായ 1,62,912/- രൂപ (ഒരു ലക്ഷത്തി അറുപത്തിരണ്ടായിരത്തി തൊള്ളായിരത്തി പന്ത്രണ്ട് രൂപ മാത്രം) ബാലനിധിയിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിന്ധു പി ജി
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(vide file number 2687333/WCD-1/32/2024-FIN)

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj,
സെക്ഷൻ ഓഫീസർ
Date: 04-03-2024 12:07:02